## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3500 — 12/05/2017-ൽ മറുപടിയ്ക്ക്.

### ആർ.ഇ.സി.പി.കരാർ ക്ഷീര മേഖലയെ ബാധിക്കുമെന്ന ആശങ്ക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കൃഷ്ണൻകുട്ടി<br>ശ്രീ.സി.കെ.നാണു<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര സർക്കാർ ഒപ്പിടാൻ പോകുന്ന ആർ.ഇ.സി.പി. കരാർ ക്ഷീര മേഖലയെ എങ്ങനെയെല്ലാം ബാധിക്കുമെന്ന് മനസ്സിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ, എങ്കിൽ ഇതുസംബന്ധിച്ച കേരളത്തിന്റെ ആശങ്ക കേന്ദ്രത്തെ അറിയിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) മനസ്സിലാക്കിയിട്ടുണ്ട്. ഇന്ത്യ,ചൈന, ജപ്പാൻ, ദക്ഷിണകൊറിയ, ആസ്ട്രേലിയ, ന്യൂസിലാന്റ് എന്നീ ഏഷ്യ-പസഫിക്ക് രാജ്യങ്ങളും ആസിയൻ കരാറിൽ ഒപ്പിട്ട 10 രാജ്യങ്ങളും ഉൾപ്പെടെ ആകെ 16 രാജ്യങ്ങൾ തമ്മിലുള്ള മെഗാ റീജിയണൽ ഫ്രീ ട്രെയ്ഡ് എഗ്രിമെന്റാണ് ആർ.സി.ഇ.പി-യിൽ (Regional Comprehensive Economic Partnership) മുന്നോട്ട് വച്ചിരിക്കുന്നത്.<br><br>ആർ.സി.ഇ.പി ഉടമ്പടി പ്രകാരം താഴെ പറയുന്ന കാര്യങ്ങളാണ് പ്രധാനമായും ലക്ഷ്യമിട്ടിരിക്കുന്നത്.<br><br>1) അംഗരാജ്യങ്ങൾ തമ്മിലുള്ള ചരക്ക സേവനവ്യാപാരം, സാമ്പത്തികവും സാങ്കേതികവുമായ സഹകരണം, നിക്ഷേപം, തർക്ക പരിഹാരം തുടങ്ങിയ വിഷയങ്ങൾ.<br><br>2) അംഗരാജ്യങ്ങൾ തമ്മിലുള്ള ചരക്ക വ്യാപാരത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക. |

| ചോദ്യം | ഉത്തരം |
| --- | --- |
| | 3) താരീഫ് നിരക്കുകളിൽ ഗണ്യമായ കുറവ് വരുത്തികൊണ്ട് രാജ്യങ്ങൾ തമ്മിലുള്ള ചരക്ക് വ്യാപാരം പ്രോത്സാഹിപ്പിക്കുമ്പോൾ ഡയറി ഉല്പന്നങ്ങളുടെ കയറ്റുമതിയിൽ മുൻനിരയിൽ നിൽക്കുന്ന ന്യൂസിലാന്റ്, ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിൽ നിന്നും പാലും പാലുല്പന്നങ്ങളും കുറഞ്ഞ താരീഫ് നിരക്കിൽ ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്യാനുള്ള സാധ്യതയാണ് കാണുന്നത്.<br>ഈ ഉടമ്പടി കേരളത്തിലെ ക്ഷീര കർഷകരെ പ്രതികൂലമായി ബാധിക്കുവാൻ സാധ്യതയുണ്ട്.<br>ആർ.സി.ഇ.പി ഉടമ്പടി സംബന്ധിച്ച കേരളത്തിന്റെ ആശങ്ക കേന്ദ്ര സർക്കാരിലേയ്ക്ക് അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) 2017 ജൂലൈ മാസത്തിൽ ഹൈദരബാദിൽ നടക്കുന്ന ആർ.ഇ.സി.പി. മീറ്റിംഗിൽ കേരളത്തിലെ ക്ഷീരകർഷകരുടെയും ക്ഷീരസഹകരണ സംഘങ്ങളുടെയും ആശങ്കകൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് ചെയ്യാനുദ്ദേശിക്കുന്നത്, ഇതിനായി ക്ഷീരസംഘം പ്രതിനിധികളുടെ പ്രത്യേക യോഗം വിളിച്ചു ചേർക്കുമോ? | (ബി) 2017 ജൂലൈ മാസത്തിൽ ഹൈദരബാദിൽ നടക്കുന്ന ആർ.സി.ഇ.പി മീറ്റിംഗിൽ താരീഫ് നിരക്കുകളും തീരുവകളും പരമാവധി വെട്ടിക്കുറച്ചു കൊണ്ട് ചരക്കുവ്യാപാരം (പാലും പാലുല്പന്നങ്ങളും ഉൾപ്പെടെയുള്ള) വർദ്ധിപ്പിക്കുന്ന കാര്യം പ്രധാനമായും ചർച്ച ചെയ്യപ്പെട്ടുമെന്നതിനാൽ, കേരളത്തിലെ ക്ഷീരകർഷകരുടെ ആശങ്ക കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ക്ഷീരസംഘം പ്രതിനിധികളുടെ യോഗം വിളിച്ചു ചേർക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.